പതിനാലാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2019-2021)

## അറുപത്തിയാറാമത് റിപ്പോർട്ട്

(2021 ജനുവരി മാസം ..13..-ാം തീയതി സഭയിൽ സമർപ്പിച്ചത് )

[സമിതി (2014-2016) യുടെ അൻപത്തിയൊന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻടേക്കൺ റിപ്പോർട്ട്]

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2021

പതിനാലാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2019-2021)

## അറുപത്തിയാറാമത് റിപ്പോർട്ട്

( 2021 ജനുവരി മാസം ..13.-ാം തീയതി സഭയിൽ സമർപ്പിച്ചത് )

[സമിതി (2014-2016) യുടെ അൻപത്തിയൊന്നാമത് റിപ്പോർട്ടിന്മേലുള്ള
ആക്ഷൻടേക്കൺ റിപ്പോർട്ട്]

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | : | v |
| മുഖവുര | : | vii |
| റിപ്പോർട്ട് | : | I |
| അനുബന്ധം | | |
| പ്രധാനപ്പെട്ട നിഗമനങ്ങളും/തുടർ ശിപാർശകളും | : | 27 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2019-21)

## ഘടന

**അദ്ധ്യക്ഷൻ**

ശ്രീ. കെ. സുരേഷ് കുറുപ്പ്

**അംഗങ്ങൾ**

ശ്രീ. കെ.വി. അബ്ദുൾ ഖാദർ

ശ്രീ. ടി.എ. അഹമ്മദ് കബീർ

ശ്രീ. അനിൽ അക്കര

ശ്രീമതി ഇ.എസ്. ബിജിമോൾ

ശ്രീ. വി.കെ.സി. മമ്മത് കോയ

ഡോ. എം.കെ. മുനീർ

ശ്രീ. പി.ടി. തോമസ്

*ശ്രീ. തോമസ് ചാണ്ടി

ശ്രീ. കെ.വി. വിജയദാസ്

* *ശ്രീ. എൻ. വിജയൻപിള്ള

**നിയമസഭാ സെക്രട്ടേറിയറ്റ്**

ശ്രീ. എസ്.വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. ത്രിദീപ്. കെ.ജി, ജോയിന്റ് സെക്രട്ടറി

ശ്രീമതി. എ.വി.ജോസഫൈൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ജയകുമാർ. ജി, അണ്ടർ സെക്രട്ടറി

---

* 2019 ഡിസംബർ മാസം 20-ാം തീയതി നിര്യാതനായി

* *2020 മാർച്ച് മാസം 08-ാം തീയതി നിര്യാതനായി

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി (2019-21) യുടെ 66-ാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2014-2016)യുടെ അൻപത്തിയൊന്നാമത് റിപ്പോർട്ടിലെ (ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2005-06 ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള കോഴിക്കോട് ജില്ലയിലെ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകൾ സംബന്ധിച്ച്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടിസ്ഥാനമാക്കി തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2020 ഒക്ടോബർ മാസം 14-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ശിപാർശ ഖണ്ഡികകളിന്മേലുള്ള സർക്കാർ നടപടികളുടെ പരിശോധനാവേളയിൽ സമിതിക്ക് ആവശ്യമായ സഹായങ്ങൾ നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

കെ. സുരേഷ് കുറുപ്പ്,
അദ്ധ്യക്ഷൻ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
2021 ജനുവരി 13.

# റിപ്പോർട്ട്

## അദ്ധ്യായം 1

1.1 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2014-2016) യുടെ അൻപത്തി ഒന്നാമത് റിപ്പോർട്ടിലെ (ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2005-06 ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള കോഴിക്കോട് ജില്ലയിലെ ഗ്രാമ പഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകൾ സംബന്ധിച്ച്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

1.2 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2014-2016) യുടെ 51-ാമത് റിപ്പോർട്ട് 2015 ഡിസംബർ മാസം 15-ാം തീയതി സഭയിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിൽ ആകെ 29 ശിപാർശകളാണുള്ളത്. ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് സർക്കാർ/സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നു ലഭിച്ച മറുപടി 11/04/2018, 19/12/2018 എന്നീ തീയതികളിലെ യോഗങ്ങളിൽ സമിതി പരിഗണിക്കുകയും ശിപാർശ ഖണ്ഡിക 14 സംബന്ധിച്ച് തുടർശിപാർശ നിർദ്ദേശിക്കുകയും ചെയ്തു.

1.3 റിപ്പോർട്ടിലെ ശിപാർശ, ശിപാർശയിന്മേൽ സർക്കാരിൽ നിന്നു ലഭിച്ച മറുപടി, സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറിൽ നിന്നു ലഭിച്ച സൂക്ഷ്മ പരിശോധനാക്കുറിപ്പ്, തുടർശിപാർശ എന്നിവ അദ്ധ്യായം II-ൽ ചേർത്തിരിക്കുന്നു.

1.4 സർക്കാരിൽ/സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറിൽ നിന്നു ലഭിച്ച മറുപടിയുടെ അടിസ്ഥാനത്തിൽ അനന്തരനടപടി തുടരേണ്ടതില്ലെന്ന് സമിതി തീരുമാനിച്ച ശിപാർശകളും ആയതിന്മേൽ ലഭിച്ച മറുപടികളും അദ്ധ്യായം III-ൽ ചേർത്തിരിക്കുന്നു.

1.5 റിപ്പോർട്ടിലെ ശിപാർശ ഖണ്ഡികകൾ 13, 52, 55 എന്നിവ സംബന്ധിച്ച യാതൊരു മറുപടിയും നാളിതുവരെ സർക്കാർ ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത ശിപാർശകൾ തുടർശിപാർശയായി അദ്ധ്യായം IV-ൽ ചേർത്തിരിക്കുന്നു.

# അദ്ധ്യായം II

## സമിതിയുടെ ശിപാർശയും സർക്കാർ സ്വീകരിച്ച നടപടിയും ശിപാർശയിന്മേലുള്ള മറുപടി തൃപ്തികരമല്ലാത്തതിനാൽ സമിതി നിർദ്ദേശിച്ച തുടർശിപാർശയും

### ഖണ്ഡിക നമ്പർ 14

### ശിപാർശ

2.1.1 താമരശ്ശേരി, തിരുവമ്പാടി, കോട്ടൂർ, മടവൂർ, രാമനാട്ടുകര, നാദാപുരം എന്നീ ഗ്രാമപഞ്ചായത്തുകളിൽ പരാമർശ കാലയളവിൽ, സർക്കാർ ധനസഹായം ഉപയോഗിച്ച് നിർമ്മാണം പൂർത്തിയാക്കിയ വീടുകളുടേയും അവയ്ക്ക് അവസാന ഗഡു ധനസഹായം നൽകിയതിന്റെയും രേഖകൾ ഓഡിറ്റിന് ഹാജരാക്കുവാനും ആയത് ഓഡിറ്റ് പരിശോധിച്ച് ബോധ്യപ്പെടുന്ന മുറയ്ക്ക് തടസ്സം നീക്കി റിപ്പോർട്ട് നൽകുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

2.1.2 1. താമരശ്ശേരി - രേഖകൾ ഹാജരാക്കിയിട്ടില്ല

2. തിരുവമ്പാടി - ഒരു ഗുണഭോക്താവ് കൈപ്പറ്റിയ തുക തിരികെ അടവാക്കുകയും അവശേഷിക്കുന്ന ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

3. കോട്ടൂർ - രേഖകൾ ഹാജരാക്കിയിട്ടില്ല

4. മടവൂർ - എല്ലാ ഗുണഭോക്താക്കളും ഭവനനിർമ്മാണം പൂർത്തിയാക്കി.

5. രാമനാട്ടുകര - രേഖകൾ ഹാജരാക്കിയിട്ടില്ല

6. നാദാപുരം - എല്ലാ ഗുണഭോക്താക്കളും ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്.

### കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

2.1.3 തിരുവമ്പാടി, മടവൂർ, നാദാപുരം എന്നീ പഞ്ചായത്തുകൾ മതിയായ രേഖകൾ ഹാജരാക്കുകയും, ആയത് പരിശോധിച്ച് ബോധ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ സമിതി നിർദ്ദേശ പ്രകാരം പ്രസ്തുത പരാമർശങ്ങളിന്മേലുള്ള തടസ്സം നീക്കി യഥാക്രമം കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(6)/23.05.2018, കെ.എസ്.എ. കെ.കെ.ഡി.

എസ്1/2069/16(2)/23.05.2018,കെ.എസ്.എ.കെ.കെ.ഡി.പി11/433/14/17.05.2014 എന്നിവ പ്രകാരം പുനരഭിപ്രായ കുറിപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. താമരശ്ശേരി, രാമനാട്ടുകര ഗ്രാമപഞ്ചായത്തുകൾ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. കോട്ടൂർ പഞ്ചായത്ത് 15 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കിയ രേഖകൾ ഹാജരാക്കാനവശേഷിക്കുന്നു.

**തുടർശിപാർശ**

**2.1.4 താമരശ്ശേരി, കോട്ടൂർ, രാമനാട്ടുകര ഗ്രാമപഞ്ചായത്തുകൾ ആവശ്യമായ രേഖകൾ അടിയന്തരമായി ഓഡിറ്റിന് ഹാജരാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.**

## അദ്ധ്യായം III

## സർക്കാരിന്റെ/സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ അനന്തര നടപടി തുടരേണ്ടതില്ല എന്ന് സമിതി തീരുമാനിച്ച ശിപാർശകളും ആയതിന്മേൽ ലഭിച്ച മറുപടികളും

### ഖണ്ഡിക നമ്പർ 3

**ശിപാർശ**

3.1.1 പി.ഡബ്ല്യു.ഡി. പ്രവൃത്തികളിൽ ഷ്രിങ്കേജ് കുറയ്ക്കേണ്ടതില്ല എന്ന ഉത്തരവ് നിലവിലിരിക്കെ പഞ്ചായത്തിന്റെ പൊതുമരാമത്ത് പ്രവൃത്തികൾക്ക് ഷ്രിങ്കേജ് കുറയ്ക്കണമെന്ന് ഓഡിറ്റ് നിർദ്ദേശിച്ചിട്ടുള്ള സാഹചര്യം കണക്കിലെടുത്ത് പ്രസ്തുത വിഷയത്തിൽ വ്യക്തത വരുത്തണമെന്ന് സമിതിയോഗം നിർദ്ദേശിക്കുകയുണ്ടായി. ഷ്രിങ്കേജ് കുറയ്ക്കേണ്ടതില്ലെന്നുള്ള പൊതുമരാമത്ത് വകുപ്പിന്റെ ഉത്തരവ് പഞ്ചായത്തുകളുടെ പൊതുമരാമത്ത് പ്രവൃത്തികൾക്കും മുൻകാല പ്രാബല്യത്തോടെ ബാധകമാക്കിക്കൊണ്ടും, മണ്ണ് ഫില്ലിംഗിന് ലീഡും ലിഫ്റ്റും കുറയ്ക്കേണ്ടതില്ല എന്ന പൊതുമരാമത്ത് വകുപ്പിന്റെ ഉത്തരവ് തദ്ദേശസ്വയംഭരണ വകുപ്പിനും ബാധകമാക്കി ക്കൊണ്ടുമുള്ള സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുള്ളതായി തെളിവെടുപ്പ് വേളയിൽ ഹാജരായ ഉദ്യോഗസ്ഥർ സമിതി മുമ്പാകെ വ്യക്തമാക്കിയതിന്റെ വെളിച്ചത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

3.1.2 നൊച്ചാട്, കൂത്താളി, മേപ്പയ്യൂർ, പയ്യോളി, തിക്കോടി, പെരുവയൽ, ചാത്തമംഗലം, അത്തോളി, കോട്ടൂർ, എലത്തൂർ, അരിക്കുളം, മടവൂർ, കുറ്റ്യാടി, നാദാപുരം എന്നീ 14 ഗ്രാമപഞ്ചായത്തുകളുടെയും പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്തിട്ടുള്ള വിവരം ബോധിപ്പിക്കുന്നു. പഞ്ചായത്ത് അസി. ഡയറക്ടറുടെ 10/02/2016 തീയതിയിലെ സി2-672/08-ാം നമ്പർ കത്തുപ്രകാരം ബന്ധപ്പെട്ട എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും നിയമസഭാ സമിതിയുടെ ശിപാർശ അയച്ചുകൊടുത്തിട്ടുണ്ടെന്ന വിവരവും ബോധിപ്പിക്കുന്നു.

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.1.3 ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട കോഴിക്കോട് ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച പരാമർശങ്ങളിന്മേലുള്ള ബഹു. നിയമസഭാ സമിതിയുടെ ശിപാർശകൾ പ്രകാരം ബന്ധപ്പെട്ട തദ്ദേശസ്ഥാപനങ്ങൾക്ക് അതാത് ഗ്രാമപഞ്ചായത്തിന്റെ പേരിനു നേരെ എഴുതിയിരിക്കുന്ന റഫറൻസ് നം. പ്രകാരം കത്തയച്ചിട്ടുണ്ട്. പ്രസ്തുത കത്തിൽ താഴെ പറയുന്ന പരാമർശങ്ങൾ ഒഴിവാക്കിയതായി ഗ്രാമപഞ്ചായത്തുകളെ അറിയിച്ചിട്ടുണ്ട്. കുന്ദമംഗലം ഗ്രാമപഞ്ചായത്തിന്റെ കാര്യത്തിൽ തടസ്സം ഭാഗികമായി ഒഴിവാക്കിയതായും അറിയിച്ചു.

നൊച്ചാട് :- കെ.എസ്.എ.കെ.കെ.ഡി എസ്1/2069/16(34) തീ. 10/01/2017
കൂത്താളി :- കെ.എസ്.എ.കെ.കെ.ഡി എസ്1/2069/16(20) തീ. 10/01/2017
മേപ്പയ്യൂർ :- കെ.എസ്.എ.കെ.കെ.ഡി എസ്1/2069/16(27) തീ. 10/01/2017
പയ്യോളി :- കെ.എസ്.എ.കെ.കെ.ഡി എസ്1/2069/16(36) തീ. 10/01/2017
തിക്കോടി :- കെ.എസ്.എ.കെ.കെ.ഡി എസ്1/2069/16(44) തീ. 10/01/2017
പെരുവയൽ :- കെ.എസ്.എ.കെ.കെ.ഡി എസ്1/2069/16(39) തീ. 10/01/2017
ചാത്തമംഗലം:- കെ.എസ്.എ.കെ.കെ.ഡി എസ്1/2069/16(6) തീ. 10/01/2017
അത്തോളി :- കെ.എസ്.എ.കെ.കെ.ഡി എസ്1/2069/16(3) തീ. 10/01/2017
കോട്ടൂർ :- കെ.എസ്.എ.കെ.കെ.ഡി എസ്1/2069/16(21) തീ. 10/01/2017

എലത്തൂർ :- കെ.എസ്.എ.കെ.കെ.ഡി എസ്1/2069/16(10) തീ. 10/01/2017

അരിക്കുളം :- കെ.എസ്.എ.കെ.കെ.ഡി എസ്1/2069/16(1) തീ. 10/01/2017

മടവൂർ :- കെ.എസ്.എ.കെ.കെ.ഡി എസ്1/2069/16(24) തീ. 10/01/2017

കുറ്റ്യാടി :- കെ.എസ്.എ.കെ.കെ.ഡി എസ്1/2069/16(23) തീ. 10/01/2017

നാദാപുരം :- കെ.എസ്.എ.കെ.കെ.ഡി എസ്1/2069/16(30) തീ. 10/01/2017

## ഖണ്ഡിക നമ്പർ 5

## ശിപാർശ

3.2.1 കോഴിക്കോട് ജില്ലയിലെ പരാമർശിക്കപ്പെട്ട ഏഴ് ഗ്രാമപഞ്ചായത്തുകളിലും ക്യാഷ് ബുക്ക്, സബ്സിഡിയറി രജിസ്റ്റർ, വരവ് രജിസ്റ്റർ, ചെലവ് രജിസ്റ്റർ, ചെക്ക് ഇഷ്യൂ രജിസ്റ്റർ എന്നിവ കാലികമാക്കി സൂക്ഷിച്ചിരിക്കുന്നുവെന്നും നിലവിൽ, 2011-ലെ കേരള പഞ്ചായത്ത് അക്കൗണ്ട്സ് ചട്ടങ്ങളുടെ അടിസ്ഥാനത്തിലാണ് കണക്കുകൾ രേഖപ്പെടുത്തുന്നതെന്നും പഞ്ചായത്തുകളിൽ സാംഖ്യ സോഫ്റ്റ്‌വെയർ സമ്പ്രദായത്തിലുള്ള അക്കൗണ്ടിംഗ് നടപ്പിലാക്കിയിട്ടുള്ളതിന് പുറമേ രജിസ്റ്ററുകളുടെ ഹാർഡ് കോപ്പിയും സൂക്ഷിക്കുന്നുണ്ടെന്നുമുള്ള സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

3.2.2 ഈ പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്തിട്ടുണ്ട്. നൊച്ചാട്, പയ്യോളി, കുത്താളി, പെരുവയൽ, പുറമേരി, തുണേരി, വാണിമേൽ എന്നീ 7 ഗ്രാമപഞ്ചായത്തുകൾക്കും നിയമസഭാ സമിതിയുടെ ശിപാർശ പഞ്ചായത്ത് അസി. ഡയറക്ടറുടെ 10/02/2016 തീയതിയിലെ സി2-672/08-ാം നമ്പർ കത്തുപ്രകാരം അയച്ചു കൊടുത്തിട്ടുണ്ടെന്ന വിവരം ബോധിപ്പിക്കുന്നു.

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.2.3 തടസ്സം തീർപ്പാക്കിക്കൊണ്ടുള്ള പുനരഭിപ്രായക്കുറിപ്പ് താഴെ കാണും പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

നൊച്ചാട് :- കെ.എസ്.എ.കെ.കെ.ഡി എസ്1/2069/16(34) തീ. 10/01/2017

പയ്യോളി :- കെ.എസ്.എ.കെ.കെ.ഡി എസ്1/2069/16(36) തീ. 10/01/2017

കുത്താളി :- കെ.എസ്.എ.കെ.കെ.ഡി എസ്1/2069/16(19) തീ. 10/01/2017

പെരുവയൽ :- കെ.എസ്.എ.കെ.കെ.ഡി എസ്1/2069/16(38) തീ. 10/01/2017

പുറമേരി :- കെ.എസ്.എ.കെ.കെ.ഡി എസ്1/2069/16(41) തീ. 10/01/2017

തൂണേരി :- കെ.എസ്.എ.കെ.കെ.ഡി എസ്1/2069/16(52) തീ. 10/01/2017

## ഖണ്ഡിക നമ്പർ 8

### ശിപാർശ

3.3.1 ഹോളോബ്രിക്സ് നിർമ്മാണം, സ്ക്രീൻ പ്രിന്റിംഗ് എന്നിവയിൽ വനിതകൾക്ക് പരിശീലനം നൽകിയെങ്കിലും പരിശീലനത്തിനു ശേഷം അവർ തൊഴിലിൽ ഏർപ്പെടാഞ്ഞതിനാൽ പദ്ധതി പരാജയമായെന്ന, കുത്താളി ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച ഓഡിറ്റ് തടസ്സം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 11/08/2010-ലെ കത്ത് പ്രകാരം ഒഴിവാക്കിയിട്ടുണ്ടെന്നുള്ള സർക്കാർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, അനന്തര നടപടികൾ അവസാനിപ്പിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

3.3.2 കുത്താളി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് നിയമസഭാ സമിതി ശിപാർശ ചെയ്തിട്ടുണ്ട്. ഈ വിവരം മേൽ ഗ്രാമപഞ്ചായത്തിനെ പഞ്ചായത്ത് അസി. ഡയറക്ടറുടെ 10/02/2016 തീയതിയിലെ സി2-672/08-ാം നമ്പർ കത്തുപ്രകാരം അറിയിച്ചിട്ടുണ്ടെന്ന വിവരം ബോധിപ്പിക്കുന്നു.

### കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.3.3 തടസ്സം തീർപ്പാക്കിക്കൊണ്ട് കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(20) തീ. 10/01/2017 പ്രകാരം പുനരഭിപ്രായക്കുറിപ്പ് പുറപ്പെടുവിച്ചു.

## ഖണ്ഡിക നമ്പർ 9

### ശിപാർശ

3.4.1 തിരുവമ്പാടി ഗ്രാമപഞ്ചായത്ത് കോഴിക്കോട് സ്കിൽ ഡെവലപ്പ്മെന്റ് സെന്ററിന് കൈമാറിയ 1,50,000 രൂപയുടെ രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ടെന്നുള്ള സർക്കാർ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സമൊഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

3.4.2 തിരുവമ്പാടി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് നിയമസഭാ സമിതി ശിപാർശ ചെയ്തിട്ടുണ്ട്. ഈ വിവരം മേൽ ഗ്രാമപഞ്ചായത്തിനെ പഞ്ചായത്ത് അസി. ഡയറക്ടറുടെ 10/02/2016 തീയതിയിലെ സി2-672/08-ാം നമ്പർ കത്തുപ്രകാരം അറിയിച്ചിട്ടുണ്ടെന്ന വിവരം ബോധിപ്പിക്കുന്നു.

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.4.3 കെ.എസ്.എ.കെ.കെ.ഡി എസ്1/2069/16(47) തീയതി 10/01/2017 പ്രകാരം തടസ്സം തീർപ്പാക്കി.

## ഖണ്ഡിക നമ്പർ 16

## ശിപാർശ

3.5.1 മുക്കം, ചാത്തമംഗലം, പെരുമണ്ണ, പുറമേരി, കാവിലുംപാറ എന്നീ 5 ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട് ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള ലക്ഷംവീട് കോളനി വൈദ്യുതീകരണം, തെരുവുവിളക്ക് സ്ഥാപിക്കൽ എന്നീ ഇനങ്ങളിലായുള്ള എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ടെന്ന സർക്കാർ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സമൊഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

3.5.2 മുക്കം, ചാത്തമംഗലം, പെരുമണ്ണ, പുറമേരി, കാവിലുംപാറ എന്നീ 5 ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഈ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് നിയമസഭാ സമിതി ശിപാർശ ചെയ്തിട്ടുണ്ട്. സമിതിയുടെ റിപ്പോർട്ടിന്റെ പകർപ്പ് ഈ ഗ്രാമപഞ്ചായത്തുകൾക്ക് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ 10.02.2016 തീയതിയിലെ സി2-672/08-ാം നമ്പർ കത്തുപ്രകാരം ഈ ഓഫീസിൽ നിന്നും അയച്ചുകൊടുത്തിട്ടുണ്ടെന്ന വിവരം ബോധിപ്പിക്കുന്നു.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്**

3.5.3 താഴെപ്പറയുന്ന പുനരഭിപ്രായക്കുറിപ്പ് പ്രകാരം തടസ്സം തീർപ്പാക്കി

മുക്കം :- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(28) തീയതി 10.01.2017

ചാത്തമംഗലം :- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(6) തീയതി 10.01.2017

പെരുമണ്ണ :- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(37) തീയതി 10.01.2017

പുറമേരി :- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(40) തീയതി 10.01.2017

കാവിലുംപാറ :- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(16) തീയതി 10.01.2017

**ഖണ്ഡിക നമ്പർ 19**

**ശിപാർശ**

3.6.1 പഞ്ചായത്തുകളിൽ ജീവനക്കാരുടെ ദൗർലഭ്യവും ഭൗതിക സാഹചര്യത്തിൽ പരിമിതിയും അനുഭവപ്പെട്ടിരുന്ന കാലത്തായിരുന്നു ഓഡിറ്റ് പരാമർശിച്ച അപാകത സംഭവിച്ചതെന്നും നിലവിൽ പ്രസ്തുത ഗ്രാമപഞ്ചായത്തുകളിൽ സാംഖ്യ സോഫ്റ്റ്വെയർ ഉപയോഗിക്കുന്നതിനാൽ കണക്കുകളും ഇതര കാര്യങ്ങളും കൃത്യമാണെന്നും തയ്യാറാക്കുന്നതും പാസ്സാക്കുന്നതും ചട്ടപ്രകാരമാണെന്നും അവ കൃത്യമായി മിനിട്സിൽ രേഖപ്പെടുത്താറുണ്ടെന്നുമുള്ള സർക്കാർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സമൊഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

3.6.2 മേപ്പയൂർ, തിക്കോടി, ഏറാമല, ചക്കിട്ടപ്പാറ, കാവിലുംപാറ എന്നീ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്തിട്ടുണ്ട്. ഇക്കാര്യം മേൽ ഗ്രാമപഞ്ചായത്തുകളെ അറിയിക്കുന്നതിന് സമിതി ശിപാർശയുടെ പകർപ്പ് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ 10.02.2016 തീയതിയിലെ സി2-672/08-ാം നമ്പർ കത്തുപ്രകാരം ഈ ഓഫീസിൽ നിന്നും അയച്ചുകൊടുത്തിട്ടുണ്ടെന്ന വിവരം ബോധിപ്പിക്കുന്നു.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്**

3.6.3 താഴെപ്പറയുന്ന പുനരഭിപ്രായക്കുറിപ്പ് പ്രകാരം തടസ്സം തീർപ്പാക്കി

മേപ്പയൂർ :- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(27)തീയതി 10.01.2017

തിക്കോടി :- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(44) തീയതി 10.01.2017

ഏറാമല :- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(11) തീയതി 10.01.2017

ചക്കിട്ടപ്പാറ :- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(5) തീയതി 10.01.2017

## ഖണ്ഡിക നമ്പർ 21

### ശിപാർശ

3.7.1 പഞ്ചായത്തുകൾ, റിവർ മാനേജ്മെന്റ് ഫണ്ട് ഇനത്തിൽ ജില്ലാ കളക്ടർക്ക് അടച്ചിരുന്ന തുകയ്ക്ക് മുൻകാലങ്ങളിൽ ഔദ്യോഗിക രശീതിന് പകരം കൈപ്പറ്റുരശീത് മാത്രം നൽകിയിരുന്നതിനാലാണ് ഓഡിറ്റ് പരാമർശമുണ്ടായതെന്നും നിലവിൽ ഓൺലൈനായി പണമടയ്ക്കുന്നതിനാൽ പ്രശ്നം അനുഭവപ്പെടുന്നില്ല എന്നുമുള്ള സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സമൊഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

3.7.2 ചെറുവണ്ണൂർ, മാവൂർ, കൊടിയത്തൂർ, ചെറുവണ്ണൂർ-നല്ലളം എന്നീ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്തിട്ടുണ്ടെന്ന വിവരം ബോധിപ്പിക്കുന്നു. ഇക്കാര്യം ഈ ഗ്രാമപഞ്ചായത്തുകളെ അറിയിക്കുന്നതിന് സമിതിയുടെ ശിപാർശയുടെ പകർപ്പ് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ 10.02.2016 തീയതിയിലെ സി2-672/08-ാം നമ്പർ കത്തുപ്രകാരം ഈ ഓഫീസിൽ നിന്നും അയച്ചുകൊടുത്തിട്ടുണ്ടെന്ന വിവരവും ബോധിപ്പിക്കുന്നു.

### കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.7.3 താഴെപ്പറയുന്ന പുനരഭിപ്രായക്കുറിപ്പ് പ്രകാരം തടസ്സം തീർപ്പാക്കി

| | |
|---|---|
| ചെറുവണ്ണൂർ | :- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(8) തീയതി 10.01.2017 |
| മാവൂർ | :- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(26) തീയതി 10.01.2017 |
| കൊടിയത്തൂർ | :- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(17) തീയതി 10.01.2017 |
| ചെറുവണ്ണൂർ-നല്ലളം | :- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(9) തീയതി 10.01.2017 |

## ഖണ്ഡിക നമ്പർ 23

### ശിപാർശ

3.8.1 കുടിവെള്ള പദ്ധതികളുടെ പരിപാലന ചെലവ് ഗുണഭോക്തൃ സമിതികൾ വഹിക്കണമെന്ന് 2002 മുതൽ സർക്കാർ ഉത്തരവ് ഉണ്ടെങ്കിലും ടി സമിതികൾ പരിപാലന ചെലവ് വഹിക്കാത്ത സാഹചര്യത്തിലാണ് പഞ്ചായത്തുകൾ തനതുഫണ്ടിൽ നിന്നും വഹിച്ചതെന്ന് സമിതിക്ക് ബോധ്യപ്പെടുകയും ഇതിൽ നിയമപരമായ തെറ്റ് സംഭവിച്ചിട്ടില്ല എന്ന് ധനകാര്യ വകുപ്പ് അഭിപ്രായപ്പെടുകയും

ചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സമൊഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. എന്നാൽ ഭാവിയിൽ ഇത്തരം സാഹചര്യം ഒഴിവാക്കണമെന്നും എല്ലാ പഞ്ചായത്തുകളിലും കുടിവെള്ള പദ്ധതികളുടെ മേൽനോട്ടത്തിനും നടത്തിപ്പിനും മാർഗ്ഗനിർദ്ദേശങ്ങളിൽ വ്യവസ്ഥ ചെയ്യുന്ന പരിപാലന കമ്മിറ്റികൾ രൂപീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

3.8.2 കാരശ്ശേരി, മുക്കം, ചാത്തമംഗലം, പെരുമണ്ണ, ഉള്ള്യേരി, ഉണ്ണികുളം, ചെറുവണ്ണൂർ-നല്ലളം എന്നീ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഈ തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്തിട്ടുണ്ട്. മേൽ ഗ്രാമപഞ്ചായത്തുകൾക്ക് സമിതിയുടെ ശിപാർശ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ 10.02.2016 തീയതിയിലെ സി2-672/08-ാം നമ്പർ കത്തുപ്രകാരം അയച്ചുകൊടുത്തിട്ടുണ്ടെന്ന വിവരം ബോധിപ്പിക്കുന്നു.

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.8.3 താഴെപ്പറയുന്ന പുനരഭിപ്രായക്കുറിപ്പ് പ്രകാരം തടസ്സം തീർപ്പാക്കി

| | |
|---|---|
| കാരശ്ശേരി | :- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(15) തീയതി 10.01.2017 |
| മുക്കം | :- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(28&29) തീയതി 10.01.2017 |
| ചാത്തമംഗലം | :- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(6) തീയതി 10.01.2017 |
| പെരുമണ്ണ | :- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(37) തീയതി 10.01.2017 |
| ഉള്ള്യേരി | :- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(49) തീയതി 10.01.2017 |
| ഉണ്ണികുളം | :- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(50) തീയതി 10.01.2017 |
| ചെറുവണ്ണൂർ- നല്ലളം | :- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(9) തീയതി 10.01.2017 |

## ഖണ്ഡിക നമ്പർ 25

## ശിപാർശ

3.9.1 പഞ്ചായത്തുകളിൽ നിലവിൽ സേവനാ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകൾ, തൊഴിലില്ലായ്മ വേതനം തുടങ്ങിയവ വിതരണം ചെയ്തു വരുന്നതിനാൽ അപാകതയുണ്ടാകുന്നില്ല എന്ന് പഞ്ചായത്ത് ഡയറക്ടറുടെ മറുപടിയിൽ നിന്ന് സമിതി മനസ്സിലാക്കുന്നു. 2013 മുതൽ സമ്പൂർണ്ണ പെൻഷൻ പദ്ധതി നടപ്പാക്കിയതിനെത്തുടർന്ന് സംസ്ഥാനത്തെ മുഴുവൻ പെൻഷൻ അപേക്ഷകളും തീർപ്പാക്കിയിട്ടുണ്ടെന്നും പെൻഷനുകൾ ഇപ്പോൾ ക്രമാനുഗതമായാണ് വിതരണം

ചെയ്തുവരുന്നതെന്നും ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് പണം എത്തുന്ന വിധത്തിലാണ് ഇപ്പോൾ പെൻഷൻ വിതരണം നടക്കുന്നതെന്നുമുള്ള പഞ്ചായത്ത് ഡയറക്ടറുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പെൻഷനുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ കാര്യക്ഷമമായി പ്രവർത്തിക്കണമെന്ന നിർദ്ദേശത്തോടെ ഓഡിറ്റ് തടസ്സമൊഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

3.9.2 കുത്താളി, പയ്യോളി, മാവൂർ, തിക്കോടി, കാരശ്ശേരി, പെരുവയൽ, കൊടിയത്തൂർ, ബേപ്പൂർ, തിരുവമ്പാടി, ഏറാമല, എലത്തൂർ, അരിക്കുളം, നരിപ്പറ്റ, നാദാപുരം, ചെറു-നല്ലളം എന്നീ 15 ഗ്രാമപഞ്ചായത്തുകളിൽ ഇപ്പോൾ പെൻഷൻ വിതരണം കാര്യക്ഷമമായി നടക്കുന്നുണ്ടെന്ന വിശദീകരണങ്ങളുടെ അടിസ്ഥാനത്തിൽ ഈ പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്തിട്ടുണ്ട്. ഈ ഓഫീസിലെ 10.02.2016 തീയതിയിലെ സി2-672/08-ാം നമ്പർ കത്തുപ്രകാരം ഈ ഓഫീസിൽ നിന്നും അയച്ചുകൊടുത്തിട്ടുണ്ടെന്ന വിവരവും ബോധിപ്പിക്കുന്നു.

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.9.3 താഴെപ്പറയുന്ന പുനരഭിപ്രായക്കുറിപ്പ് പ്രകാരം തടസ്സം തീർപ്പാക്കി

കുത്താളി :- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(19&20) തീയതി 10.01.2017

പയ്യോളി :- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(36 എ) തീയതി 10.01.2017

മാവൂർ :- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(26) തീയതി 10.01.2017

തിക്കോടി :- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(44) തീയതി 10.01.2017

കാരശ്ശേരി :- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(15) തീയതി 10.01.2017

പെരുവയൽ :- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(39) തീയതി 10.01.2017

കൊടിയത്തൂർ :- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(17) തീയതി 10.01.2017

ബേപ്പൂർ :- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(4) തീയതി 10.01.2017

തിരുവമ്പാടി :- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(46) തീയതി 10.01.2017

ഏറാമല :- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(11) തീയതി 10.01.2017

എലത്തൂർ :- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(10) തീയതി 10.01.2017

അരിക്കുളം :- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(1) തീയതി 10.01.2017

നരിപ്പറ്റ :- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(2) തീയതി 10.01.2017

നാദാപുരം :- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(31) തീയതി 10.01.2017

ചെറുവണ്ണൂർ-നല്ലളം :- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(9) തീയതി 10.01.2017

## ഖണ്ഡിക നമ്പർ 28

## ശിപാർശ

3.10.1 സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും കുടിവെള്ള പൈപ്പുകളുടെ എണ്ണം കൃത്യമായി കണക്കാക്കുന്ന സംവിധാനം നിലവിലുണ്ടെന്നും പൈപ്പുകളുടെ എണ്ണത്തിനനുസൃതമായാണ് വെള്ളക്കരമടയ്ക്കുന്നതെന്നും ഒരു ടാപ്പിന് പ്രതിവർഷം 3,500 രൂപയാണ് അടയ്ക്കുന്നതെന്നുമുള്ള പഞ്ചായത്ത് ഡയറക്ടറുടെ വെളിപ്പെടുത്തലിന്റെയും ഓഡിറ്റ് തടസ്സമായുന്നയിക്കുന്ന വസ്തുകൈമാറ്റത്തീരുവ 2000 മുതൽ നിലവിലില്ലെന്ന ധനകാര്യ വകുപ്പിന്റെ റിപ്പോർട്ടിന്റെയുമടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സമൊഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

3.10.2 നൊച്ചാട്, മാവൂർ, മുക്കം, ഫറോക്ക്, വാണിമേൽ, മടവൂർ, ഫറോക്ക് എന്നീ 7 ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്തിട്ടുണ്ട്. ഈ വിവരം മേൽ ഗ്രാമപഞ്ചായത്തുകൾക്ക് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ 10.02.2016 തീയതിയിലെ സി2-672/08-ാം നമ്പർ കത്തുപ്രകാരം അയച്ചുകൊടുത്തിട്ടുണ്ടെന്ന വിവരം ബോധിപ്പിക്കുന്നു.

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.10.3 താഴെപ്പറയുന്ന പുനരഭിപ്രായക്കുറിപ്പ് പ്രകാരം തടസ്സം തീർപ്പാക്കി

നൊച്ചാട് :- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(34)തീയതി 10.01.2017
മാവൂർ :- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(26) തീയതി 10.01.2017
മുക്കം :- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(28) തീയതി 10.01.2017
ഫറോക്ക് :- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(12&13) തീയതി 10.01.2017
വാണിമേൽ :- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(51) തീയതി 10.01.2017
മടവൂർ :- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(24) തീയതി 10.01.2017

## ശിപാർശ

3.11.1 നിലവിൽ സാംഖ്യ സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നതിനാൽ, ഓഡിറ്റ് പരാമർശിച്ച 17 ഗ്രാമപഞ്ചായത്തുകളിലും കണക്കുകളും രജിസ്റ്ററുകളും കൃത്യമാണെന്നും കൂടാതെ മേൽസൂചിപ്പിച്ച 17 ഗ്രാമപഞ്ചായത്തുകളും 2013 വരെയുള്ള വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റുകൾ സമർപ്പിച്ചിട്ടുണ്ടെന്നുമുള്ള പഞ്ചായത്ത് ഡയറക്ടറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സമൊഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

3.11.2 ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള 17 ഗ്രാമപഞ്ചായത്തുകളുടെയും ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്തിട്ടുണ്ട്. ഈ ഗ്രാമപഞ്ചായത്തുകൾക്ക് സമിതി ശിപാർശ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ 10.02.2016 തീയതിയിലെ സി2-672/08-ാം നമ്പർ കത്തുപ്രകാരം ഈ ഓഫീസിൽ നിന്നും അയച്ചുകൊടുത്തിട്ടുണ്ടെന്ന വിവരം ബോധിപ്പിക്കുന്നു.

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.11.3 താഴെപ്പറയുന്ന പുനരഭിപ്രായക്കുറിപ്പ് പ്രകാരം തടസ്സം തീർപ്പാക്കി

| | |
|---|---|
| മേപ്പയ്യൂർ | :- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(27) തീയതി 10.01.2017 |
| ചെറുവണ്ണൂർ | :- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(7)തീയതി 10.01.2017 |
| തുറയൂർ | :- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(48)തീയതി 10.01.2017 |
| തിക്കോടി | :- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(44 എ&45)തീയതി 10.01.2017 |
| കൂത്താളി | :- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(19)തീയതി 10.01.2017 |
| മരുതോങ്കര | :- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(25)തീയതി 10.01.2017 |
| പെരുവയൽ | :- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(39)തീയതി 10.01.2017 |
| താമരശ്ശേരി | :- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(43)തീയതി 10.01.2017 |
| രാമനാട്ടുകര | :- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(42)തീയതി 10.01.2017 |
| ഏറാമല | :- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(11)തീയതി 10.01.2017 |
| നാദാപുരം | :- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(30&31)തീയതി 10.01.2017 |
| ചെറുവണ്ണൂർ-നല്ലളം | :- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(9)തീയതി 10.01.2017 |
| ഫറോക്ക് | :-കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(13)തീയതി 10.01.2017 |
| ഉണ്ണികുളം | :-കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(50)തീയതി 10.01.2017 |
| വാണിമേൽ | :- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(51)തീയതി 10.01.2017 |
| പുറമേരി | :- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(41)തീയതി 10.01.2017 |
| നരിപ്പറ്റ | :- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(33)തീയതി 10.01.2017 |

## ഖണ്ഡിക നമ്പർ 35

### ശിപാർശ

3.12.1 പഞ്ചായത്തിന്റെ പൊതുവായ വികസന കാര്യങ്ങളിൽ ജനങ്ങളുടെ ശക്തമായ പങ്കാളിത്തമുണ്ടാകണമെന്നും അതിനായി ഗ്രാമസഭകൾ കൃത്യമായും സമയബന്ധിതമായും ചേരേണ്ടതാണെന്നും ഗ്രാമസഭ കൃത്യമായി ചേരുന്നില്ലെങ്കിൽ പഞ്ചായത്ത് രാജ് നിയമപ്രകാരം ഗ്രാമസഭകൾക്ക് നൽകുന്ന അധികാരം ഫലപ്രദമായി വിനിയോഗിക്കാൻ കഴിയില്ലെന്നും സമിതി വിലയിരുത്തുന്നു. ഓഡിറ്റ് പരാമർശിച്ച 5 ഗ്രാമപഞ്ചായത്തുകളിലും നിലവിൽ ചട്ടപ്രകാരമുള്ള സമയപരിധി പാലിച്ചുകൊണ്ട് ഗ്രാമസഭകൾ ചേരാറുണ്ടെന്നും ഓഡിറ്റ് റിപ്പോർട്ടുകൾ ഗ്രാമസഭയിൽ ചർച്ച ചെയ്യാറുണ്ടെന്നുമുള്ള സർക്കാർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആയത് കൃത്യമായി പാലിക്കണമെന്ന കർശന നിർദ്ദേശത്തോടെ ഓഡിറ്റ് തടസ്സമൊഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

3.12.2 ഈ തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്തിട്ടുണ്ടെന്ന വിവരം ബോധിപ്പിക്കുന്നു. മാവൂർ, അരിക്കുളം, പുറമേരി, ഉണ്ണികുളം, ഫറോക്ക് എന്നീ 5 ഗ്രാമപഞ്ചായത്തുകൾക്ക് നിയമസഭാസമിതിയുടെ ശിപാർശ 10.02.2016 തീയതിയിലെ സി2-672/08-ാം നമ്പർ കത്തുപ്രകാരം ഈ ഓഫീസിൽ നിന്നും അയച്ചുകൊടുക്കുകയും, ശിപാർശകൾ കർശനമായി പാലിക്കണമെന്ന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

### കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.12.3 താഴെപ്പറയുന്ന പുനരഭിപ്രായക്കുറിപ്പ് പ്രകാരം തടസ്സം തീർപ്പാക്കി

മാവൂർ:- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(26) തീയതി, 10.01.2017

അരിക്കുളം:- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(1)തീയതി, 10.01.2017

പുറമേരി:-കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(41)തീയതി, 10.01.2017

ഉണ്ണികുളം:- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(50) തീയതി, 10.01.2017

ഫറോക്ക്:- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(13)തീയതി, 10.01.2017

## ഖണ്ഡിക നമ്പർ 37

## ശിപാർശ

3.13.1 നൊച്ചാട്, മാവൂർ, പെരുവയൽ, കൊടിയത്തൂർ, ചാത്തമംഗലം, ഫറോക്ക്, എലത്തൂർ, തിക്കോടി, ഉണ്ണികുളം, അരിക്കുളം എന്നീ 10 ഗ്രാമപഞ്ചായത്തുകൾ കുടിശ്ശികയിനത്തിലുള്ള മുഴുവൻ തുകയും പിരിച്ചെടുത്തതായുള്ള സർക്കാർ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ പ്രസ്തുത പഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

3.13.2 ഈ തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്തിട്ടുണ്ട്. പരാമർശിച്ച എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും സമിതിയുടെ ശിപാർശകൾ 10.02.2016 തീയതിയിലെ സി2-672/08-ാം നമ്പർ കത്തുപ്രകാരം ഈ ഓഫീസിൽ നിന്നും അയച്ചുകൊടുത്തിട്ടുണ്ട് എന്ന വിവരവും ബോധിപ്പിക്കുന്നു.

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.13.3 താഴെപ്പറയുന്ന പുനരഭിപ്രായക്കുറിപ്പ് പ്രകാരം തടസ്സം തീർപ്പാക്കി

നൊച്ചാട്:- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(34) തീയതി, 10.01.2017

മാവൂർ:- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(26) തീയതി, 10.01.2017

പെരുവയൽ:- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(38) തീയതി, 10.01.2017

കൊടിയത്തൂർ:- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(17) തീയതി, 10.01.2017

ചാത്തമംഗലം:- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(6) തീയതി, 10.01.2017

ഫറോക്ക്:- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(12) തീയതി, 10.01.2017

എലത്തൂർ:- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(10) തീയതി, 10.01.2017

തിക്കോടി:- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(45) തീയതി, 10.01.2017

ഉണ്ണികുളം:- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(50) തീയതി, 10.01.2017

അരിക്കുളം:- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(2) തീയതി, 10.01.2017

## ഖണ്ഡിക നമ്പർ 38

### ശിപാർശ

3.14.1 വില്യാപ്പള്ളി ഗ്രാമപഞ്ചായത്തിന് വാടക കുടിശ്ശികയിനത്തിലുണ്ടായ നഷ്ടം ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ഡി.സി.ആർ.ജി.യിൽ നിന്നും തിരിച്ച് പിടിക്കാൻ ഉത്തരവായതായുള്ള പഞ്ചായത്ത് ഡയറക്ടറുടെ വെളിപ്പെടുത്തലിന്റെയടിസ്ഥാനത്തിൽ, പ്രസ്തുത തുക തിരിച്ചീടാക്കി ഓഡിറ്റിനെ ബോധ്യപ്പെടുത്തുന്ന മുറയ്ക്ക് ഓഡിറ്റ് തടസ്സമൊഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

3.14.2 ഉത്തരവാദിയായ ശ്രീ. കെ. നാണു എന്നവരുടെ ഡി.സി.ആർ.ജിയിൽ നിന്നും 12,240 രൂപ ഈടാക്കിയിട്ടുണ്ട്. തുക 25.02.2015-ൽ വി.പി.എഫ്.എ-1 അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്.

### കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.14.3 തുക അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത് രേഖകൾ ഹാജരാക്കിയിട്ടുണ്ട്. കെ.എസ്. എ.കെ.കെ.ഡി.എസ്1/2069/16(1)തീയതി, 23.05.2018 നമ്പർ പുനരഭിപ്രായ കുറിപ്പിലൂടെ ഖണ്ഡികയിലെ തടസ്സം ഒഴിവാക്കിയിട്ടുണ്ട്.

## ഖണ്ഡിക നമ്പർ 40

### ശിപാർശ

3.15.1 ചെറുവണ്ണൂർ-നല്ലളം, ബേപ്പൂർ എന്നീ ഗ്രാമപഞ്ചായത്തുകൾ ഇപ്പോൾ കോഴിക്കോട് കോർപ്പറേഷന്റെ പരിധിയിലാണെന്നും ശേഷിക്കുന്ന 26 ഗ്രാമപഞ്ചായത്തുകളും കുടിശ്ശികയിനത്തിലുള്ള മുഴുവൻ തുകയും പിരിച്ചെടുത്തിട്ടുണ്ടെന്നുമുള്ള പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സമൊഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

3.15.2 ഈ തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്തിട്ടുണ്ട് എന്ന വിവരം ബോധിപ്പിക്കുന്നു. 26 ഗ്രാമപഞ്ചായത്തുകൾക്കും, ചെറുവണ്ണൂർ-നല്ലളം, ബേപ്പൂർ എന്നീ ഗ്രാമപഞ്ചായത്തുകൾ ഇപ്പോൾ കോർപ്പറേഷനിലായതിനാൽ കോഴിക്കോട് കോർപ്പറേഷനിലേക്കും, 10.02.2016 തീയതിയിലെ സി2-627/08-ാം നമ്പർ കത്തുപ്രകാരം ഈ ഓഫീസിൽ നിന്നും സമിതിയുടെ ശിപാർശ അയച്ചുകൊടുത്തിട്ടുണ്ട് എന്ന വിവരം ബോധിപ്പിക്കുന്നു.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്**

3.15.3 താഴെപ്പറയുന്ന പുനരഭിപ്രായക്കുറിപ്പ് പ്രകാരം തടസ്സം തീർപ്പാക്കി

നൊച്ചാട്:- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(34) തീയതി, 10.01.2017

കുത്താളി:- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(20) തീയതി, 10.01.2017

തുറയൂർ:- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(48) തീയതി, 10.01.2017

പയ്യോളി:- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(36) തീയതി, 10.01.2017

തൂണേരി:- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(52) തീയതി, 10.01.2017

കൂരാച്ചുണ്ട്:- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(18) തീയതി, 10.01.2017

മാവൂർ:- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(26) തീയതി, 10.01.2017

ചക്കിട്ടപ്പാറ:- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(5) തീയതി, 10.01.2017

മരുതോങ്കര:- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(25) തീയതി, 10.01.2017

പെരുവയൽ:- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(39) തീയതി, 10.01.2017

താമരശ്ശേരി:- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(43) തീയതി, 10.01.2017

കാരശ്ശേരി :- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(15) തീയതി, 10.01.2017

മുക്കം:- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(28) തീയതി, 10.01.2017

ബേപ്പൂർ:- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(4) തീയതി, 10.01.2017

പുറമേരി:- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(40) തീയതി, 10.01.2017

കൊടിയത്തൂർ:-കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(17) തീയതി, 10.01.2017

ചാത്തമംഗലം:- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(6) തീയതി, 10.01.2017

തിക്കോടി:- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(45) തീയതി, 10.01.2017

ഫറോക്ക്:- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(12) തീയതി, 10.01.2017

എലത്തൂർ:- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(10) തീയതി, 10.01.2017

രാമനാട്ടുകര:- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(42) തീയതി, 10.01.2017

ഏറാമല:- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(11) തീയതി, 10.01.2017

കാവിലുംപാറ:- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(16) തീയതി, 10.01.2017

അരിക്കുളം:- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(2) തീയതി, 10.01.2017

ഫറോക്ക്:- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(13) തീയതി, 10.01.2017

നാദാപുരം:- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(30) തീയതി, 10.01.2017

ചെറുവണ്ണൂർ-നല്ലളം:- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(9) തീയതി, 10.01.2017

ഉണ്ണികുളം:- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(50) തീയതി, 10.01.2017

കക്കോടി:- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(14) തീയതി, 10.01.2017

നരിക്കുനി:- കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(32) തീയതി, 10.01.2017

## ഖണ്ഡിക നമ്പർ 42

### ശിപാർശ

3.16.1 നാദാപുരം ഗ്രാമപഞ്ചായത്തിൽ 1986-87 മുതൽ 1998-1999 സാമ്പത്തികവർഷം വരെ ഡിമാന്റ് ചെയ്ത, തൊഴിൽ നികുതിയിനത്തിൽ വിവിധ വർഷങ്ങളിലായി പിരിച്ചെടുക്കാൻ കഴിയാതിരുന്ന 1,83,809 രൂപ ഗ്രാമപഞ്ചായത്തിന്റെ കണക്കിൽ നിന്ന് എഴുതിത്തള്ളുന്നതിന് 02.02.2006-ലെ ഉത്തരവ് പ്രകാരം അനുമതി ലഭിച്ചതായുള്ള സർക്കാർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സമൊഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

3.16.2 ഈ തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്തിട്ടുണ്ട്. ഈ വിവരം നാദാപുരം ഗ്രാമപഞ്ചായത്തിനെ ഈ ഓഫീസിലെ 10.02.2016 തീയതിയിലെ സി2-672/08 നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട് എന്ന വിവരം ബോധിപ്പിക്കുന്നു.

### കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.16.3 കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(31) തീയതി, 10.01.2017 പ്രകാരം തടസ്സം തീർപ്പാക്കി.

## ഖണ്ഡിക നമ്പർ 44

### ശിപാർശ

3.17.1 ബേപ്പൂർ മത്സ്യഗ്രാമം ശുദ്ധജലവിതരണ പദ്ധതിക്കായി കരാറുകാരൻ പമ്പ്സെറ്റ് വാങ്ങുകയോ കരാറുകാരന് പമ്പ്സെറ്റിന്റെ വില പഞ്ചായത്തിൽ നിന്ന് നൽകുകയോ ചെയ്തിട്ടില്ലെന്നും പ്രസ്തുത പ്രവൃത്തിയുടെ എം.ബുക്കുകളും വൗച്ചറുകളും ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ടെന്നും സർക്കാർ റിപ്പോർട്ടിൽ നിന്നും സമിതി മനസ്സിലാക്കുന്നു. ഇക്കാര്യത്തിൽ പഞ്ചായത്തിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ല എന്ന

വസ്തുതയും സർക്കാർ മറുപടിയും പരിഗണിച്ച് പ്രസ്തുത ഓഡിറ്റ് തടസ്സമൊഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

3.17.2 ഈ തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്തിട്ടുണ്ട്. ബേപ്പൂർ ഗ്രാമപഞ്ചായത്ത് കോഴിക്കോട് കോർപ്പറേഷനിൽ ലയിപ്പിച്ച ഗ്രാമപഞ്ചായത്ത് ആണ്. സമിതിയുടെ ശിപാർശ കോർപ്പറേഷൻ ഓഫീസിലേയ്ക്ക് ഈ ഓഫീസിലെ 10.02.2016 തീയതിയിലെ സി2-672/08 നമ്പർ കത്തു പ്രകാരം അയച്ചുകൊടുത്തിട്ടുണ്ടെന്ന വിവരം ബോധിപ്പിക്കുന്നു.

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.17.3 കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(4) തീയതി, 10.01.2017 പ്രകാരം തടസ്സം തീർപ്പാക്കി.

## ഖണ്ഡിക നമ്പർ 46

## ശിപാർശ

3.18.1 പരാമർശവിധേയമായ അങ്കണവാടി കെട്ടിടനിർമ്മാണ പ്രവൃത്തിയുടെ ഗുണഭോക്തൃ സമിതി കൺവീനർ, അഡ്വാൻസ്, ഭാഗിക ബിൽ എന്നീ ഇനങ്ങളിലായി കൈപ്പറ്റിയ 54,000 രൂപ തിരിച്ചടച്ചതായുള്ള സർക്കാർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സമൊഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

3.18.2 കന്നുമ്മൽ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്തിട്ടുണ്ട്. സമിതി ശിപാർശ കന്നുമ്മൽ ഗ്രാമപഞ്ചായത്തിന് ഈ ഓഫീസിലെ 10.02.2016 തീയതിയിലെ സി2-672/08 നമ്പർ കത്തു പ്രകാരം അയച്ചുകൊടുത്തിട്ടുണ്ട് എന്ന വിവരം ബോധിപ്പിക്കുന്നു.

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.18.3 കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(22) തീയതി, 10.01.2017 പ്രകാരം തടസ്സം തീർപ്പാക്കി.

## ഖണ്ഡിക നമ്പർ 54

### ശിപാർശ

3.19.1 ഓഡിറ്റ് പരാമർശത്തിൽ 7 അപാകതകളാണ് ഉൾപ്പെട്ടിട്ടുള്ളതെന്നും രേഖകൾ യഥാസമയം പരിശോധനയ്ക്ക് ഹാജരാക്കാത്തതാണ് പല പരാമർശങ്ങൾക്കും ഇടയാക്കിയതെന്നും സമിതി നിരീക്ഷിക്കുന്നു. പ്രോജക്ടിൽ ഏതു കോഴ്സാണെന്ന് വ്യക്തമാക്കാത്തതുകൊണ്ടാണ് പത്രപരസ്യത്തിലും കോഴ്സ് വ്യക്തമാക്കാതിരുന്നത് എന്നും പഞ്ചായത്ത് കമ്മിറ്റിയുടെ 12.12.2001-ലെ യോഗതീരുമാനപ്രകാരമാണ് സി-ഡിറ്റിന്റെ ഫ്രാഞ്ചൈസിയായ സ്ഥാപനത്തെ തെരഞ്ഞെടുത്തതെന്നും സർക്കാർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും പദ്ധതിയുടെ അംഗീകരിച്ച പ്രോജക്ട്, ടെണ്ടർ അംഗീകരിച്ച പഞ്ചായത്ത് യോഗത്തിന്റെ മിനിട്സ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലെന്ന് ഓഡിറ്റിന്റെ കുറിപ്പിൽ നിന്നും വ്യക്തമാകുന്നു. പ്രസ്തുത രേഖകൾ ഓഡിറ്റിന്റെ പരിശോധനയ്ക്ക് ഹാജരാക്കണമെന്നും ഓഡിറ്റ് പരിശോധിച്ച് ബോധ്യപ്പെടുന്നപക്ഷം തടസ്സമൊഴിവാക്കാമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

3.19.2 രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കി

### കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.19.3 രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടതിനാൽ കെ.എസ്.എ.കെ.കെ.ഡി. എസ്1/2069/16 (3) 23.05.2018 നമ്പർ പുനരഭിപ്രായക്കുറിപ്പിലൂടെ തടസ്സം ഒഴിവാക്കിയിട്ടുണ്ട്.

## ഖണ്ഡിക നമ്പർ 56

### ശിപാർശ

3.20.1 പരിശീലനം പൂർത്തിയാക്കിയ ഒരു വിദ്യാർത്ഥിനിക്ക് നൽകിയ സർട്ടിഫിക്കറ്റിന്റെ പകർപ്പ് പരിശോധനയ്ക്ക് ഹാജരാക്കിയതായുള്ള ഓഡിറ്റിന്റെ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ പരാമർശത്തിലെ പ്രസ്തുത ഭാഗമൊഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

3.20.2 കുന്ദമംഗലം ഗ്രാമപഞ്ചായത്ത് കമ്പ്യൂട്ടർ പരിശീലനം നൽകിയതു സംബന്ധിച്ച ഈ പരാമർശം ഒഴിവാക്കുന്നതിന് സമിതി ശുപാർശ ചെയ്തിട്ടുണ്ട്. സമിതിയുടെ ശുപാർശ പഞ്ചായത്ത് അസി.ഡയറക്ടറുടെ 10.02.2016 തീയതിയിലെ

സി2-672/08 നമ്പർ കത്തുപ്രകാരം കുന്ദമംഗലം ഗ്രാമപഞ്ചായത്തിന് അയച്ചുകൊടുത്തിട്ടുണ്ട് എന്ന വിവരവും ബോധിപ്പിക്കുന്നു.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്**

3.20.3 കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(35) തീയതി 10.1.2017 പ്രകാരം തടസ്സം തീർപ്പാക്കി.

## ഖണ്ഡിക നമ്പർ 57

## ശിപാർശ

3.21.1 പഞ്ചായത്ത് പരസ്യമായി അപേക്ഷ ക്ഷണിക്കുകയും ആയത് ഗ്രാമസഭയിൽ അംഗീകരിച്ചുമാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതെന്നും എന്നാൽ ചില വിദ്യാർത്ഥികൾ തുടർച്ചയായി ഹാജരാകാത്തതിനാൽ ആ ഒഴിവുകൾ മെമ്പർമാരുടെ ശിപാർശ പ്രകാരം നികത്തുകയാണുണ്ടായതെന്നുമുള്ള പഞ്ചായത്തിന്റെ മറുപടി പരിശോധനയിൽ ബോധ്യപ്പെട്ടതായുള്ള ഓഡിറ്റിന്റെ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ പരാമർശത്തിലെ പ്രസ്തുത ഭാഗമൊഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

3.21.2 കുന്ദമംഗലം ഗ്രാമപഞ്ചായത്തിലെ കമ്പ്യൂട്ടർ പരിശീലന പരിപാടിയുമായി ബന്ധപ്പെട്ട ഈ പരാമർശം ഒഴിവാക്കുന്നതിന് സമിതി ശുപാർശ ചെയ്തിട്ടുണ്ട്. ഈ ഓഫീസിലെ 10.02.2016 തീയതിയിലെ സി2-672/08 നമ്പർ കത്തുപ്രകാരം കുന്ദമംഗലം പഞ്ചായത്തിനെ ഈ വിവരം അറിയിച്ചിട്ടുണ്ട് എന്ന വിവരം ബോധിപ്പിക്കുന്നു.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്**

3.21.3 കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(35) തീയതി 10.1.2017 പ്രകാരം തടസ്സം തീർപ്പാക്കി.

## ഖണ്ഡിക നമ്പർ 58

## ശിപാർശ

3.22.1 പഞ്ചായത്ത് തുടർച്ചയായി പരിശീലനം മോണിറ്ററിംഗ് നടത്തിയിട്ടില്ലെന്നും സ്ഥാപനം നൽകിയ ഹാജർ പട്ടിക അനുസരിച്ച് ഓരോ മാസവും ഫീസ് നൽകുകയാണുണ്ടായതെന്നും ഹാജർ പട്ടികയുടെ ആധികാരികത പഞ്ചായത്ത്

പരിശോധിച്ചിട്ടില്ലെന്നും സമിതി മനസ്സിലാക്കുന്നു. എങ്കിലും പ്രസിഡന്റിന്റെ അനുവാദത്തോടെയാണ് ഫീസ് നൽകിയതെന്നും കോഴ്സ് പൂർത്തിയായശേഷം അധികാരപ്പെട്ട മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് നൽകിയിട്ടുണ്ടെന്നുമുള്ള സർക്കാർ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ പരാമർശത്തിലെ പ്രസ്തുത ഭാഗമൊഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

3.22.2 കുന്ദമംഗലം ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച പരാമർശത്തിലെ ഈ ഖണ്ഡിക ഒഴിവാക്കുന്നതിന് സമിതി ശുപാർശ ചെയ്തിട്ടുണ്ട്. പഞ്ചായത്തിനെ ഈ വിവരം ഈ ഓഫീസിലെ 10.02.2016 തീയതിയിലെ സി2-672/08 നമ്പർ കത്തു പ്രകാരം അറിയിച്ചിട്ടുണ്ട് എന്ന വിവരവും ബോധിപ്പിക്കുന്നു.

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.22.3 കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(35) തീയതി 10.1.2017 പ്രകാരം തടസ്സം തീർപ്പാക്കി.

## ഖണ്ഡിക നമ്പർ 59

## ശിപാർശ

3.23.1 സ്ഥാപനം പരീക്ഷാഫീസായി പഞ്ചായത്തിൽ നിന്നും കൈപ്പറ്റിയ 45,000 രൂപ സി-ഡിറ്റിൽ അടച്ചതിന്റെ രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടതായുള്ള ഓഡിറ്റിന്റെ കുറിപ്പിന്റെയടിസ്ഥാനത്തിൽ പരാമർശത്തിലെ പ്രസ്തുത ഭാഗം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

3.23.2 ഈ പരാമർശം ഒഴിവാക്കുന്നതിന് സമിതി ശുപാർശ ചെയ്തിട്ടുണ്ട് എന്ന വിവരം ബോധിപ്പിക്കുന്നു. പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ 10.02.2016 തീയതിയിലെ സി2-672/08 - ാം നമ്പർ കത്തുപ്രകാരം ഈ ഓഫീസിൽ നിന്നും അയച്ചുകൊടുത്തിട്ടുണ്ടെന്ന വിവരവും ബോധിപ്പിക്കുന്നു.

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.23.3 കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(35) തീയതി 10.1.2017 പ്രകാരം തടസ്സം തീർപ്പാക്കി.

## ഖണ്ഡിക നമ്പർ 61

### ശിപാർശ

3.24.1 കോളനിയിലെ വെള്ളക്കെട്ടുള്ള സ്ഥലം മണ്ണിട്ടുനികത്തുക എന്നതായിരുന്നു പദ്ധതി കൊണ്ട് ഉദ്ദേശിച്ചത് എന്നും നടപ്പാക്കിയ പദ്ധതികൊണ്ട് മുഴുവൻ കോളനി നിവാസികൾക്കും പ്രയോജനം ലഭിച്ചിട്ടുണ്ടെന്നുമുള്ള സർക്കാർ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ഓഡിറ്റ് തടസ്സമൊഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

3.24.2 ഈ പരാമർശം ഒഴിവാക്കുന്നതിന് സമിതി ശുപാർശ ചെയ്തിട്ടുണ്ടെന്ന വിവരം ബോധിപ്പിക്കുന്നു. ചെറുവണ്ണൂർ-നല്ലളം ഗ്രാമപഞ്ചായത്ത് ഇപ്പോൾ കോഴിക്കോട് കോർപ്പറേഷനിലാണെന്നും, സമിതി ശുപാർശ കോർപ്പറേഷൻ ഓഫീസിലേക്ക് ഈ ഓഫീസിലെ 10.02.2016 തീയതിയിലെ സി2-672/08-ാം നമ്പർ കത്തുപ്രകാരം അയച്ചുകൊടുത്തിട്ടുണ്ടെന്നും ബോധിപ്പിക്കുന്നു.

### കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.24.3 കെ.എസ്.എ.കെ.കെ.ഡി. എസ് 1/2069/16(9) തീയതി 10.1.2017 പ്രകാരം തടസ്സം തീർപ്പാക്കി.

## ഖണ്ഡിക നമ്പർ 64

### ശിപാർശ

3.25.1 കക്കയം അമ്പലക്കുന്ന് പട്ടികവർഗ്ഗ കോളനിയിൽ ഭവനനിർമ്മാണത്തിന് വീടൊന്നിന് 42,000 രൂപ വീതം 8 വീടുകൾക്ക് 3,36,000 രൂപയായിരുന്നു വകയിരുത്തിയിരുന്നതെന്നും ഇതിൽ 4 വീടുകളുടെ പണിപൂർത്തീകരിച്ച് താമസം തുടങ്ങിയിട്ടുണ്ടെന്നും 3 വീടുകൾ ചുമർ ഉയരം വരെ പൂർത്തിയായിട്ടുണ്ടെന്നും ബാക്കിയുള്ള ഒരു വീടിന്റെ തറ പൂർത്തിയായിട്ടുണ്ടെന്നും തെളിവെടുപ്പ് വേളയിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കിയിരുന്നു. കൂടാതെ പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് 17.06.2004-ൽ ഒരു വിജിലൻസ് എൻക്വയറി നടത്തിയിരുന്നുവെന്നും പണി പൂർത്തീകരിക്കാൻ കാലതാമസമുണ്ടായെങ്കിലും പണി പൂർത്തീകരിച്ചതു വരെയുള്ള പണം മാത്രമാണ് കരാറുകാരന് നൽകിയിട്ടുള്ളത് എന്നതിനാൽ അഴിമതി നടന്നിട്ടില്ല എന്നായിരുന്നു വിജിലൻസ് റിപ്പോർട്ട് എന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

വ്യക്തമാക്കിയിരുന്നു. കൺവീനർ മുൻകൂർ കൈപ്പറ്റിയ തുകക്കുള്ള പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതായി സമിതി അനുമാനിക്കുന്നു. ബാക്കിയുള്ള വീടുകളുടെ പണികൂടി അടിയന്തരമായി പൂർത്തീകരിച്ച് ഉടമസ്ഥർക്ക് കൈമാറണമെന്ന നിർദ്ദേശത്തോടെ ഓഡിറ്റ് തടസ്സമൊഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

3.25.2 ഈ പരാമർശം ഒഴിവാക്കുന്നതിന് സമിതി ശുപാർശ ചെയ്തിട്ടുണ്ടെന്ന വിവരം ബോധിപ്പിക്കുന്നു. സമിതി ശുപാർശ കുറാച്ചുണ്ട് ഗ്രാമപഞ്ചായത്തിന് 10.02.2016 തീയതിയിലെ സി2-672/08 നമ്പർ കത്തുപ്രകാരം ഈ ഓഫീസിൽ നിന്നും അയച്ചുകൊടുക്കുകയും ബാക്കിയുള്ള വീടുകളുടെ പണി അടിയന്തരമായി പൂർത്തീകരിച്ച് ഉടമസ്ഥർക്ക് കൈമാറുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട് എന്ന വിവരം ബോധിപ്പിക്കുന്നു.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്**

3.25.3 കെ.എസ്.എ.കെ.കെ.ഡി.എസ്1/2069/16(18)(എ) തീയതി 10.1.2017 പ്രകാരം തടസ്സം തീർപ്പാക്കി.

**അദ്ധ്യായം IV**

**സർക്കാരിൽ നിന്ന് മറുപടി ലഭ്യമാക്കേണ്ടിയിരുന്നതും എന്നാൽ ആയത് യഥാസമയം ലഭ്യമാക്കാതിരുന്നതും സമിതി ആവർത്തിക്കുന്നതുമായ ശിപാർശകൾ.**

**ഖണ്ഡിക നമ്പർ 13**

**ശിപാർശ**

4.1 സർക്കാരിൽ നിന്നുള്ള ധനസഹായം ഉപയോഗിച്ച് വീട് നിർമ്മിക്കുന്നത് താഴ്ന്ന വരുമാനക്കാരായ ജനങ്ങളായതിനാൽ, നിസ്സാര പ്രശ്നങ്ങളുടെ പേരിൽ അവർക്ക് അവസാന ഗഡു ധനസഹായം നിഷേധിക്കുന്നത് മനുഷ്യത്വരഹിതമായ പ്രവൃത്തിയാണെന്ന് സമിതി നിരീക്ഷിക്കുന്നു. ശൗചാലയം നിർമ്മിക്കാത്തത് കാരണം കുന്ദമംഗലം ഗ്രാമപഞ്ചായത്തിലെ 21 ഗുണഭോക്താക്കൾക്ക് അവസാന ഗഡു നൽകാത്ത പഞ്ചായത്തിന്റെ നടപടി ഉചിതമായില്ലെന്ന് സമിതി കരുതുന്നു. ഗ്രാമപഞ്ചായത്തുകൾ ഭവനനിർമ്മാണ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിന് രൂപീകരിക്കുന്ന

ചട്ടങ്ങളിലെ വ്യവസ്ഥകൾ ലഘൂകരിച്ച് പരമാവധി ആറുമാസംകൊണ്ട് പദ്ധതികൾ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണമെന്നും ഇത്തരം പദ്ധതികളുടെ ധനസഹായം ഒറ്റ ഗഡുവായി നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു. ശുചിത്വ കക്കൂസ് ഇല്ലാത്തവരെ ഗ്രാമപഞ്ചായത്തിന്റെ ശുചിത്വ കക്കൂസ് പദ്ധതിയിലുൾപ്പെടുത്തി കക്കൂസ് നൽകിയതിനുശേഷം പരാമർശത്തിലുള്ള 21 ഗുണഭോക്താക്കൾക്കും ആനുകൂല്യം നൽകുന്നതിന് 63,000 രൂപ അടങ്കലിൽ ഒരു പദ്ധതി തയ്യാറാക്കി ഡി.പി.സി. അംഗീകാരം വാങ്ങിയിട്ടുണ്ടെന്നും പ്രസ്തുത പ്രോജക്ട് പ്രകാരം ഭവനനിർമ്മാണത്തിനുള്ള അവസാന ഗഡു ലഭിക്കുന്നതിനുള്ള രേഖകൾ ഹാജരാക്കുന്നമുറയ്ക്ക് മേൽ ഗുണഭോക്താക്കൾക്ക് അവസാന ഗഡു നൽകുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ടെന്നുമുള്ള ഓഡിറ്റിന്റെ കുറിപ്പിന്റെയടിസ്ഥാനത്തിൽ മേൽ ഗുണഭോക്താക്കൾക്ക് അവസാനഗഡു ധനസഹായം നൽകി രേഖകൾ ഓഡിറ്റിന് ഹാജരാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു..

## ഖണ്ഡിക നമ്പർ 52

## ശിപാർശ

4.2 അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയ അളവുകൾ പ്രകാരം പ്രവൃത്തികൾ നടത്തണമെന്നാണ് കേരള പഞ്ചായത്ത് രാജ് ചട്ടം അനുശാസിക്കുന്നതെങ്കിലും ഇവിടെ എല്ലാ കുളങ്ങൾക്കും കിണറുകൾക്കും ഒരേ താഴ്ചയാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്നും പൊതുവായ ഒരു എസ്റ്റിമേറ്റുണ്ടാക്കിയാണ് പ്രവൃത്തി നടത്തിയിരിക്കുന്നതെന്നും സമിതി മനസ്സിലാക്കുന്നു. ഓരോ പ്രവൃത്തിയുടേയും ശരിയായ അളവുകൾ എം.ബുക്കിൽ രേഖപ്പെടുത്താത്തതും മസ്റ്റർ റോളുകൾ അപൂർണ്ണമാണെന്നതും വരൾച്ചാദുരിതാശ്വാസത്തിന്റെ മറവിൽ പൊതുപ്പണം ദുർവ്യയം ചെയ്യപ്പെട്ടതിന്റെ പ്രത്യക്ഷ തെളിവുകളാണെന്ന് സമിതി കണക്കാക്കുന്നു. ദുർവ്യയം ചെയ്യപ്പെട്ടതായി കണ്ടെത്തിയ 1,13,458 രൂപയിൽ പഞ്ചായത്തംഗങ്ങളുടെ ബാധ്യതാതുക മുഴുവൻ അടവാക്കിയിട്ടുണ്ടെന്നുള്ള ഓഡിറ്റിന്റെ പുനഃപരിശോധനാകുറിപ്പിന്റെയടിസ്ഥാനത്തിൽ ഉത്തരവാദികളായ പഞ്ചായത്ത് സെക്രട്ടറി, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരിൽ നിന്നും ഈടാക്കാനുള്ള തുക കൂടി റവന്യൂ റിക്കവറി പ്രകാരം അടിയന്തരമായി ഈടാക്കി റിപ്പോർട്ട് നൽകുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

## ഖണ്ഡിക നമ്പർ 55

## ശിപാർശ

4.3 പദ്ധതിക്ക് വകയിരുത്തിയ തുകയിൽ പരീക്ഷാഫീസ് ഉൾപ്പെട്ടിരുന്നില്ലെന്നും ഗുണഭോക്താക്കൾക്ക് പരിശീലനത്തിനായി തുക നൽകിയശേഷം അടങ്കലിൽ ബാക്കിയുള്ള തുക പരീക്ഷാഫീസിനത്തിൽ നൽകുകയായിരുന്നുവെന്നും ഓഡിറ്റിന്റെ കുറിപ്പിൽ വ്യക്തമാക്കിയിരിക്കുന്നു. പദ്ധതിയുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും നടപടിക്രമങ്ങൾ കൃത്യമായി പാലിക്കണമെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വകുപ്പ് കർശന നിർദ്ദേശം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**കെ. സുരേഷ് കുറുപ്പ്,**
**അദ്ധ്യക്ഷൻ,**
**ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.**

തിരുവനന്തപുരം,
2021 ജനുവരി 13

# അനുബന്ധം

## പ്രധാനപ്പെട്ട നിഗമനങ്ങളും/ശുപാർശകളും

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട സ്ഥാപനം/ വകുപ്പ് | നിഗമനങ്ങൾ/ശുപാർശകൾ |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | 2.1.4 | തദ്ദേശസ്വയംഭരണം | താമരശ്ശേരി, കോട്ടൂർ, രാമനാട്ടുകര ഗ്രാമപഞ്ചായത്തുകൾ ആവമായ രേഖകൾ അടിയന്തരമായി ഓഡിറ്റിന് ഹാജരാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |
| 2. | 4.1 | തദ്ദേശസ്വയംഭരണം | സർക്കാരിൽ നിന്നുള്ള ധനസഹായം ഉപയോഗിച്ച് വീട് നിർമ്മിക്കുന്നത് താഴ്ന്ന വരുമാനക്കാരായ ജനങ്ങളായതിനാൽ, നിസ്സാര പ്രശ്നങ്ങളുടെ പേരിൽ അവർക്ക് അവസാന ഗഡു ധനസഹായം നിഷേധിക്കുന്നത് മനുഷ്യത്വരഹിതമായ പ്രവൃത്തിയാണെന്ന് സമിതി നിരീക്ഷിക്കുന്നു. ശൗചാലയം നിർമ്മിക്കാത്തത് കാരണം കുന്ദമംഗലം ഗ്രാമപഞ്ചായത്തിലെ 21 ഗുണഭോക്താക്കൾക്ക് അവസാന ഗഡു നൽകാത്ത പഞ്ചായത്തിന്റെ നടപടി ഉചിതമായില്ലെന്ന് സമിതി കരുതുന്നു. ഗ്രാമപഞ്ചായത്തുകൾ ഭവനനിർമ്മാണ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പാക്കുന്നതിന് രൂപീകരിക്കുന്ന ചട്ടങ്ങളിലെ വ്യവസ്ഥകൾ ലഘൂകരിച്ച് പരമാവധി ആറുമാസംകൊണ്ട് പദ്ധതികൾ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണമെന്നും ഇത്തരം പദ്ധതികളുടെ ധനസഹായം ഒറ്റ ഗഡുവായി നൽകണ മെന്നും സമിതി ശിപാർശ ചെയ്യുന്നു. ശുചിത്വ കക്കൂസ് ഇല്ലാത്തവരെ ഗ്രാമപഞ്ചായത്തിന്റെ ശുചിത്വ കക്കൂസ് പദ്ധതിയിലുൾപ്പെടുത്തി കക്കൂസ് നൽകിയതിനുശേഷം പരാമർശത്തിലുള്ള 21 ഗുണഭോക്താക്കൾക്കും ആനുകൂല്യം നൽകുന്നതിന് 63,000 രൂപ അടങ്കലിൽ ഒരു പദ്ധതി തയ്യാറാക്കി ഡി.പി.സി. അംഗീകാരം വാങ്ങിയിട്ടുണ്ടെന്നും പ്രസ്തുത പ്രോജക്ട് പ്രകാരം ഭവനനിർമ്മാണത്തിനുള്ള അവസാന ഗഡു ലഭിക്കുന്നതിനുള്ള രേഖകൾ ഹാജരാക്കുന്നമുറയ്ക്ക് മേൽ ഗുണഭോക്താക്കൾക്ക് അവസാന ഗഡു നൽകുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ടെന്നുമുള്ള ഓഡിറ്റിന്റെ കുറിപ്പിന്റെ യടിസ്ഥാനത്തിൽ മേൽ ഗുണഭോക്താക്കൾക്ക് അവസാനഗഡു ധനസഹായം നൽകി രേഖകൾ |

| | | | |
|---|---|---|---|
| | | | ഓഡിറ്റിന് ഹാജരാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 3 | 4.2 | തദ്ദേശസ്വയംഭരണം | അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയ അളവുകൾ പ്രകാരം പ്രവൃത്തികൾ നടത്തണമെന്നാണ് കേരള പഞ്ചായത്ത് രാജ് ചട്ടം അനുശാസിക്കുന്നതെങ്കിലും ഇവിടെ എല്ലാ കുളങ്ങൾക്കും കിണറുകൾക്കും ഒരേ താഴ്ചയാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്നും പൊതുവായ ഒരു എസ്റ്റിമേറ്റുണ്ടാക്കിയാണ് പ്രവൃത്തി നടത്തിയിരിക്കുന്നതെന്നും സമിതി മനസ്സിലാക്കുന്നു. ഓരോ പ്രവൃത്തിയുടേയും ശരിയായ അളവുകൾ എം. ബുക്കിൽ രേഖപ്പെടുത്താത്തതും മസ്റ്റർ റോളുകൾ അപൂർണ്ണമാണെന്നതും വരൾച്ചാദുരിതാശ്വാസത്തിന്റെ മറവിൽ പൊതുപ്പണം ദുർവ്യയം ചെയ്യപ്പെട്ടതിന്റെ പ്രത്യക്ഷ തെളിവുകളാണെന്ന് സമിതി കണക്കാക്കുന്നു. ദുർവ്യയം ചെയ്യപ്പെട്ടതായി കണ്ടെത്തിയ 1,13,458 രൂപയിൽ പഞ്ചായത്തംഗങ്ങളുടെ ബാധ്യതാതുക മുഴുവൻ അടവാക്കിയിട്ടുണ്ടെന്നുള്ള ഓഡിറ്റിന്റെ പുനഃപരിശോധനാകുറിപ്പിന്റെയടിസ്ഥാനത്തിൽ ഉത്തരവാദികളായ പഞ്ചായത്ത് സെക്രട്ടറി, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരിൽ നിന്നും ഈടാക്കാനുള്ള തുക കൂടി റവന്യൂ റിക്കവറി പ്രകാരം അടിയന്തരമായി ഈടാക്കി റിപ്പോർട്ട് നൽകുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 4 | 4.3 | തദ്ദേശസ്വയംഭരണം | പദ്ധതിക്ക് വകയിരുത്തിയ തുകയിൽ പരീക്ഷാ ഫീസ് ഉൾപ്പെട്ടിരുന്നില്ലെന്നും ഗുണഭോക്താക്കൾക്ക് പരിശീലനത്തിനായി തുക നൽകിയശേഷം അടങ്കലിൽ ബാക്കിയുള്ള തുക പരീക്ഷാഫീസിനത്തിൽ നൽകുകയായിരുന്നു വെന്നും ഓഡിറ്റിന്റെ കുറിപ്പിൽ വ്യക്തമാക്കിയിരിക്കുന്നു. പദ്ധതിയുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും നടപടി ക്രമങ്ങൾ കൃത്യമായി പാലിക്കണമെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വകുപ്പ് കർശന നിർദ്ദേശം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |